അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

1284 [2061] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്നാക്കി നിജപ്പെടുത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാര്യക്ഷമമായ ബോധനത്തിന് നിലവിലുള്ള അനുപാതത്തിൽ സാരമായ കുറവുണ്ടാകണമെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ടോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഇക്കാര്യത്തെക്കുറിച്ച് പ്രത്യേകിച്ചുമായ ഒരു അഭിപ്രായം രൂപീകരിക്കുന്നതുകൊണ്ട് വിശേഷമില്ലല്ലോ.

സർവ്വീസിലിരിക്കേ മരണമടയുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് ജോലി നൽകുന്നതിന് നടപടി

1285 [2062] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കേ മരണമടയുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്നതുപോലെ ജോലി നൽകുന്നതിന് നടപടികളും കൈക്കൊള്ളുമോ;

(ബി) എയിഡഡ് സ്കൂൾ ജീവനക്കാരെ ഈ കാര്യത്തിൽ മാറ്റി നിർത്തുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

(എ, ബി) എയിഡഡ് സ്കൂളുകളിൽ നിയമനം നടത്തുന്നത് മാനേജുമെന്റാണ്. അതുകൊണ്ട് ഗവൺമെന്റിന് ഈ കാര്യത്തിൽ നടപടികളെടുക്കാൻ നിർവ്വാഹമില്ല.

പാർട്ട് ടൈം അദ്ധ്യാപികമാരുടെ പ്രസവാവധി

1286 [2063] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട് ടൈം അദ്ധ്യാപികമാർക്ക് മറ്റ് മുഴുവൻ ടൈം ജീവനക്കാർക്ക് അനുവദിക്കപ്പെടുന്നതുപോലെ പ്രസവാവധി 3 മാസം തന്നെ ആക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ബി) പ്രസവാവധി പാർട്ട് ടൈം ജീവനക്കാർക്കും മുഴുവൻ ടൈം ജീവനക്കാർക്കും ഒരുപോലെയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly